## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318.** **15.12.2014 ൽ മറുപടിയ്ക്ക്.**

### ഡ്രൈവിംഗ് ലൈസൻസ് നല്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ സദാശിവൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, പുരുഷൻ കടലുണ്ടി<br>,, ബി.ഡി. ദേവസ്സി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br><br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യോഗ്യരായ നല്ല ഡ്രൈവർമാരെ സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ടിപ്പർ ലോറി ഡ്രൈവർമാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി യുടേത് ഉൾപ്പെടെ വാഹനങ്ങൾ ഓടിക്കുന്നതിന് അർപ്പണ ബോധമുള്ള ഡ്രൈവർമാരെ പരിശീലിപ്പിക്കുന്നതിനും മികച്ച ശമ്പളം ഉറപ്പാക്കി കഴിവുറ്റവരെ ഡ്രൈവർ ജോലിയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ ഡ്രൈവർമാർക്ക് മികവുറ്റതും സുരക്ഷിതവും അപകടരഹിതവുമായ ഡ്രൈവിംഗ് രീതി നടപ്പിലാക്കുന്നതിന് വേണ്ട പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പ് റോഡ് സുരക്ഷാപരിശീലനം നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.,.ടി.സി ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനായി ദേശസാത്കൃത വിഭാഗം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. മോട്ടോർവാഹന വകുപ്പിനു കീഴിൽ എടപ്പാളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് & റിസർച്ച് (ഐ.ഡി.ടി.ആർ) -ലും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. |
| (സി) | ഡ്രൈവിംഗ് ലൈസൻസ് നല്കുന്ന നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (സി) | സ്വീകരിയ്ക്കുന്നുണ്ട്. ഡ്രൈവിംഗ് ലൈസൻസ് നല്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചേവായൂർ, ഇളയാവൂർ, പാറശ്ശാല എന്നിവിടങ്ങളിൽ ഡ്രൈവേഴ്സ് ടെസ്റ്റിംഗ് ട്രാക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം ട്രാക്കുകൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.